**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3566  20.10.2016 – ൽ മറുപടിക്ക്**

# കൊട്ടുവള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കാരാട്ട് റസാഖ് :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഇടതുപക്ഷ സർക്കാറിന്റെ കാലത്ത് (2006-2011) എത്ര പാലങ്ങൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിരുന്നതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ; | (എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ (2006 - 2011) ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് 10 പാലങ്ങൾക്കാണ് ഭരണാനുമതി ലഭ്യമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) പൈമ്പാലുശ്ശേരി പാലം<br>2) ചക്കിക്കാവ് പാലം<br>3) മൊയോട്ടുക്കടവ് ജീപ്പബിൾ പാലം<br>4) നടമ്മൽക്കടവ് പാലം<br>5) മുക്കത്ത് കടവ് പാലം<br>6) കരുവാറ്റക്കടവ് പാലം<br>7) മുനമണ്ണിൽ ജീപ്പബിൾ പാലം<br>8) അനാരുകണ്ടം നടപ്പാലം.<br>9) കിഴക്കോത്ത് പള്ളിക്കടവ് പാലം.<br>10) കളിരാന്തിരി പാലം. |

| | | | |
|---|---|---|---|
| (ബി) | ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; | (ബി) | ഇതിൽ താഴെ പറയുന്ന നാല് പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>1) പൈമ്പാലുശ്ശേരി പാലം.<br>2) ചക്കിക്കാവ് പാലം.<br>3) മൊയോട്ടക്കടവ് ജീപ്പബിൾ പാലം.<br>4) കിഴക്കോത്ത് പള്ളിക്കടവ് പാലം. |
| (സി) | പൂർത്തീകരിക്കാത്ത പാലങ്ങൾ ഏതൊക്കെയാണെന്നും ആയതിന്റെ കാരണങ്ങളെന്താണെന്നും വ്യക്തമാക്കാമോ; | (സി) | പൂർത്തീകരിക്കാത്ത പാലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) **<u>നടമ്മൽക്കടവ് പാലം</u>**<br>സ്ഥലം പൂർണ്ണമായും ഏറ്റെടുത്ത് കിട്ടാത്തതിനാൽ പൂർത്തിയാക്കിയിട്ടില്ല.<br>2) **<u>മുക്കത്ത് കടവ് പാലം</u>**<br>അനുവദിച്ച പണം പാലം നിർമ്മാണത്തിനായി തികയാത്തതിനാൽ പൂർത്തീകരിച്ചില്ല.<br>3) **<u>മുനമണ്ണിൽ ജീപ്പബിൾ പാലം</u>**<br>അനുവദിച്ച പണം പാലം നിർമ്മാണത്തിനായി തികയാത്തതിനാൽ പൂർത്തീകരിച്ചില്ല. |

4) **അനാരുകണ്ടം നടപ്പാലം**

നിലവിൽ പാലം നിർമ്മിക്കാൻ നിർദ്ദേശിച്ച സ്ഥലത്തിന് കൊട്ടുവള്ളി മുനിസിപ്പാലിറ്റിയുടെ അനുവാദം ലഭ്യമായിട്ടില്ല.

5) **കളിരാന്തിരി പാലം**

ലഭ്യമായ സ്ഥലം ഉപയോഗിച്ച് പുതുക്കിയ രൂപരേഖ തയ്യാറാക്കി വരുന്നു.

6) **കരുവാറ്റക്കടവ് പാലം**

അനുവദിച്ച പണം പാലം നിർമ്മാണത്തിനായി തികയാത്തതിനാൽ പ്രവൃത്തി ഏറ്റെടുത്തില്ല.

(ഡി) സ്ഥലമെടുപ്പ് ആവശ്യമുള്ള ഏതെങ്കിലും പാലം കൊട്ടുവള്ളി മണ്ഡലത്തിൽ നിലവിലുണ്ടോ ; എങ്കിൽ സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(ഡി) ഉണ്ട്.

1) **നടമ്മൽക്കടവ് പാലം**

അർത്ഥന ജില്ലാ കളക്ടർക്ക് സമർപ്പിട്ടുണ്ട്.

2) **പടനിലം പാലം**

സ്ഥലമെടുപ്പിനുള്ള ഭരണാനുമതി മാത്രമേ ലഭിച്ചിട്ടുള്ളൂ. അടങ്കൽ (സ്ഥലമുടമകളുടെ പേരും കൈവശമുള്ള സ്ഥലവും സംബന്ധിച്ച വിവരം) പകർപ്പും സ്കെച്ചും തയ്യാറാക്കുന്നത് വില്ലേജ് ഓഫീസിൽ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ